മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഗൾഫ് മലയാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഗൾഫിലേക്കുള്ള അമിതമായ വിമാനക്കൂലിയും വിമാനങ്ങളുടെ കുറവുമാണ്. അതുകൊണ്ട് സംസ്ഥാനത്ത് മൂന്ന് എയർപോർട്ടുകൾ വന്നു. ആ മൂന്ന് എയർപോർട്ടുകളിലേക്കും ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള സർവീസുകൾ വന്നു. ആ മാറ്റങ്ങൾ പ്രധാനപ്പെട്ടതാണ്. ചെലവുകുറച്ച് സൗകര്യപ്രദമായ യാത്ര ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെൻറ് നിരന്തരമായി പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് എയർ ഇൻഡ്യ എക്സ്പ്രസ്സ് തുടങ്ങിയത്. ഒരു കാലത്ത് എയർ ഇൻഡ്യ അത് സാദ്ധ്യമല്ല എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞതാണ്. പക്ഷെ നിരന്തരമായി സമ്മർദ്ദം ചെലുത്തി അത് തുടങ്ങി. അതിൽ ആശ്വാസമുണ്ട്; സന്തോഷമുണ്ട്. പക്ഷെ ഉദ്ദേശിച്ച രീതിയിലുള്ള പ്രയോജനം അതിന് വന്നിട്ടില്ല. എയർ ഇൻഡ്യ എക്സ്പ്രസ്സിന് അതിന്റെ തുടക്കത്തിലേ പല വിധത്തിലുള്ള അപാകതകൾ ഉണ്ട്, കുറവുകളുണ്ട്. അത് പരിഹരിക്കാൻവേണ്ടി നാഷണൽ ഡെവലപ്മെൻറ് കൗൺസിൽ മീറ്റിംഗിനുപോയ അവസരത്തിൽ സിവിൽ ഏവിയേഷൻ മന്ത്രിയെ നേരിട്ട് കണ്ട് ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ശ്രീ. പ്രതാപൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗൗരവത്തോടുകൂടി ഗവൺമെൻറ് പരിഗണിക്കും. ഇതു സംബന്ധിച്ച രണ്ടു കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിലുണ്ട്. എയർ ഇൻഡ്യ എക്സ്പ്രസ്സ് ഏറ്റവും കാര്യക്ഷമതയോടുകൂടി പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നതോടൊപ്പം ഇത് സംബന്ധിച്ചുള്ള രണ്ടു കാര്യങ്ങൾക്കുകൂടി ശ്രമിക്കുന്നുണ്ട്. ഒന്ന്, എയർ അറേബ്യയുടെ സർവീസ് കേരളത്തിനു തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്ര രൂട്ടിൽ ഇന്ന് ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ സർവീസ് നടത്തുന്ന ഒരു വിമാന കമ്പനി എയർ അറേബ്യയാണ്. അവർക്ക് ഇതുവരെ ഗൾഫിലേക്ക് ലൈസൻസ് കൊടുത്തിട്ടില്ല. അത് കേരളത്തിൽ നിന്ന് ഗൾഫിലേക്ക് കൊടുക്കണമെന്ന ആവശ്യം നമ്മൾ ഉന്നയിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള സമ്മർദ്ദം തുടരും. രണ്ടാമത്തെ കാര്യം സംസ്ഥാന ഗവൺമെൻറ് മുൻകൈയെടുത്ത് ചെലവു കുറഞ്ഞ ഒരു വിമാന സർവീസ്, അതായത് ഒരു വിമാന കമ്പനിയുണ്ടാക്കി വിമാന സർവീസ് നടത്തുന്നതിനുള്ള നടപടികളുമായിട്ട് മുന്നോട്ടുനീങ്ങുകയാണ്. അത് സംബന്ധിച്ച് ഡീറ്റെയിൽഡായിട്ടുള്ള സ്റ്റഡി നടത്താൻവേണ്ടി നെടുമ്പാശ്ശേരി കമ്പനിയെ അതായത് സിയാലിനെ (CIAL) ഏൽപ്പിച്ചു. അതിന്റെ റിപ്പോർട്ട് മൂന്ന് മാസത്തിനകം കിട്ടും. റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ സ്വന്തമായ ഒരു വിമാന സർവീസ് ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തുന്നതിന് ഗവൺമെൻറ് ശ്രമിക്കും. അതിനുവേണ്ടി ഏറ്റവും കൂടുതൽ പ്രചോദനം നൽകിയത് നെടുമ്പാശ്ശേരി എയർപോർട്ട് എന്ന സംരംഭത്തിന്റെ വിജയമാണ്. അതുകൂടി വന്നാൽ മാത്രമേ ഗൾഫിലെ മലയാളികളോട് നീതി പുലർത്താൻ സാധിക്കൂ. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തും.

(4) പടന്നക്കാട് കാർഷിക കോളേജിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

ശ്രീ. എം. കുമാരൻ: സർ, എന്റെ മണ്ഡലത്തിലെ പടന്നക്കാട് കാർഷിക കോളേജിൽ അദ്ധ്യാപകരുടെ ക്ഷാമം നേരിടുകയാണ്. പ്രൊഫസർമാർ ഇല്ലാത്തതുകൊണ്ട് അവിടെ വേണ്ടവിധത്തിലുള്ള ടീച്ചിംഗ് നടക്കുന്നില്ല. 64 തസ്തികകൾ ഉള്ളിടത്ത് 16 ജീവനക്കാർ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുള്ളതാ. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീമതി ഗൗരിയമ്മയും കാസർകോഡ് എം.പി. ശ്രീ. പി. കരുണാകരനും കാസർകോഡ് ജില്ലയിലെ എല്ലാ എം.എൽ.എ.മാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഫീസിൽ വെച്ച് ഇതിനെ സംബന്ധിച്ച ചർച്ച നടത്തി. അതിൽ ഉരുത്തിരിഞ്ഞുവന്നതനുസരിച്ച് ഇടവിടെ താൽക്കാലിക നിയമനം നടത്താൻ വേണ്ടി ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. അത് സ്വാഗതാർഹമായ തീരുമാനമാണ്. എന്തുതന്നെ ആയാലും അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും മറ്റ് ലേബേഴ്സിന്റേയും സ്ഥിരം നിയമനം നടത്താൻവേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കാർഷിക സർവകലാശാലയിൽ 1127 പോസ്റ്റുകളുള്ളതിൽ 408 പോസ്റ്റുകളും ചില സാങ്കേതിക തടസ്സങ്ങളും മൂലമാണ് ഒഴിഞ്ഞുകിടക്കുന്നത്. പടന്നക്കാട് കാർഷിക കോളേജിൽ അനുവദിച്ച 35 പോസ്റ്റിൽ 18 പോസ്റ്റുകളും ഒഴിഞ്ഞുകിടക്കുകയാണ്. 64 പോസ്റ്റാണ് അവിടെ വേണ്ടത്. യു. ജി. സി. സ്കീം നടപ്പിലാക്കിയപ്പോൾ, മുമ്പ് ഈ നിയമസഭയിൽ പറഞ്ഞതുപോലെ, ചില സാങ്കേതിക തടസ്സങ്ങളും മറ്റും വന്നതിന്റെ പേരിൽ കരിയർ അഡ്വാൻസ്മെന്റിനുവേണ്ടിയുള്ള നടപടികളും എടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ കാർഷിക സർവകലാശാലയിൽ പ്രൊഫസർമാർ ഇല്ല. നിയമന തടസ്സങ്ങളും എന്തെങ്കിലും കാണും. വേറെയൊന്നുകൂടിയുണ്ട്; അവിടെ പോസ്റ്റ് ചെയ്യുന്ന ടീച്ചേഴ്സ് ആരും പോകാറില്ല; അഥവാ പോയാൽത്തന്നെ വേഗം ട്രാൻസ്ഫർ വാങ്ങി പോവുകയാണ് ചെയ്യുന്നത്. അത് പരിഹരിക്കാനുള്ള നടപടികളും വേഗമെടുക്കാൻ കാർഷിക സർവകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(5) മണ്ണാർക്കാട് താലൂക്കിലെ ആനക്കെട്ടി പ്രദേശത്ത് കേരള ബസ്സുകൾക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം

ശ്രീ. കളത്തിൽ അബ്ദുള്ള: എന്റെ നിയോജകമണ്ഡലത്തിന്റെ അതിർത്തികളാണ് നീലഗിരി ജില്ലയും അതുപോലെതന്നെ കോയമ്പത്തൂർ ജില്ലയും. നീലഗിരി ജില്ലയിൽപ്പെട്ട കിണ്ണക്കര മുതൽ കോയമ്പത്തൂർ ജില്ലയുടെ അതിർത്തിയായ ആനക്കെട്ടി, പൂവകങ്ങൽ വരെ തമിഴ്നാട് ഗവൺമെന്റ് 30 ഓളം കിലോമീറ്റർ കൈയേറിയിരിക്കുന്നു. ഇത് കേരളത്തിലെ പ്രധാന പത്രമായ മലയാള മനോരമയിൽ വന്നതും സ്ഥലം ഞങ്ങളും പോയി കണ്ടതുമാണ്. ഇതിൽ കോയമ്പത്തൂർ ജില്ലയിൽപ്പെട്ട വീരപാണ്ടി പഞ്ചായത്തിന്റെ കൈവശമുള്ള ആനക്കെട്ടി 1988-ൽ ഷോളയാർ പഞ്ചായത്ത് നികുതി എടുത്ത സ്ഥലമാണ്. അതുപോലെ തന്നെ മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത റിക്കോർഡ് ഉള്ള സ്ഥലമാണ്. ആ പ്രദേശത്തേക്ക് ഇപ്പോൾ മലയാളികളുടെ ബസ്സുകളും, വലിയ ഒരു വ്യക്തിപരമായ അസ്വാരസ്യം മൂത്തതിന്റെ അനന്തരഫലമായി കടക്കാൻ ആനക്കെട്ടിയിലെ ആളുകളും സമ്മതിക്കുന്നില്ല. ഈ സാഹചര്യത്തിൽ ആനക്കെട്ടിയിലേക്ക് കേരള ബസ്സുകളെ പ്രവേശിപ്പിക്കാനും അതുപോലെ കോയമ്പത്തൂർ ജില്ലയിലെ വാഹനങ്ങളേയും കടത്തിവിടാനും മലയാളികളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്താനും ഈ അതിർത്തികളും കേരളത്തിന് തിരിയെ കിട്ടാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly